"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് — സമാശ്വാസ തൊഴിൽദാന പദ്ധതി — അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും ഒരു ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1298/2026/GAD　　തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-
1. 29.03.2025-ലെ സ.ഉ (അ) 4/2025/പി.&എ.ആർ.ഡി
2. 08.08.2025-ലെ സ.ഉ (സാധാ) നം: 3484/2025/പൊ.ഭ.വ.
3. പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 26.08.2025-ന് ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ.
4. 11.11.2025-ലെ സ.ഉ (സാധാ) നം: 4897/2025/പൊ.ഭ.വ.

**<u>ഉത്തരവ്</u>**

സർവീസിലിരിക്കെ മരണപ്പെടുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനുള്ള മാർഗ്ഗരേഖകൾ പരാമർശം (1) പ്രകാരം പരിഷ്കരിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥ III(8) അനുസരിച്ച്, അപേക്ഷകൾ സുതാര്യമായും വേഗത്തിലും സമർപ്പിക്കുന്നതിനും, ഒഴിവുകൾ കാലതാമസമില്ലാതെ റിപ്പോർട്ട് ചെയ്യുന്നതിനും, സീനിയോറിറ്റി മുൻഗണനാക്രമം കർശനമായി പാലിച്ച് നിയമന നടപടികൾ പൂർത്തിയാക്കുന്നതിനുമായി ഒരു ഏകീകൃത ഡിജിറ്റൽ സംവിധാനം പൊതുഭരണ വകുപ്പ് രൂപീകരിക്കുമെന്ന് വിഭാവനം ചെയ്തിരുന്നു.

(2) ഇതുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ട സാങ്കേതിക സമിതിയുടെ ശുപാർശകൾ പരിഗണിച്ച് (പരാമർശം 2 & 3), പദ്ധതിക്കാവശ്യമായ ഏകീകൃത സോഫ്റ്റ്‌വെയറും അനുബന്ധ വെബ് പോർട്ടലും വികസിപ്പിക്കുന്നതിനുള്ള ചുമതല സി-ഡിറ്റിനെ (C-DIT) ഏൽപ്പിക്കുകയും, പരാമർശം (4) പ്രകാരം പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുകയുമുണ്ടായി.

(3) സി-ഡിറ്റ് രൂപകൽപ്പന ചെയ്ത സോഫ്റ്റ്‌വെയറിന്റെ പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളും സുരക്ഷാ ഓഡിറ്റിംഗ് നടപടികളും വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമന നടപടികൾ കാര്യക്ഷമമാക്കുന്നതിനായി വികസിപ്പിച്ച 'ഏകീകൃത ആശ്രിത നിയമന പോർട്ടൽ' ഈ ഉത്തരവിലൂടെ പ്രാബല്യത്തിൽ വന്നതായി പ്രഖ്യാപിക്കുന്നു. പ്രസ്തുത സേവനം www.ces.kerala.gov.in എന്ന വെബ് വിലാസത്തിൽ ലഭ്യമാണ്.

(4) സോഫ്റ്റ്‌വെയർ അധിഷ്ഠിത നിയമനവുമായി ബന്ധപ്പെട്ട പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു:

- ഇന്ന മുതൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ആഗ്രഹിക്കുന്നവർ പ്രസ്തുത പോർട്ടൽ മുഖേന ഓൺലൈനായി മാത്രമേ അപേക്ഷ സമർപ്പിക്കാൻ പാടുള്ളൂ.
- ഇതിനോടകം Physically അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ വീണ്ടും ഓൺലൈനായി അപേക്ഷിക്കേണ്ടതില്ല. ഇവരുടെ വിവരങ്ങൾ പ്രത്യേക മോഡ്യൂൾ വഴി സോഫ്റ്റ്‌വെയറിലേക്ക് മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തുന്നതാണ്.
- എല്ലാ നിയമന അധികാരികളും ആശ്രിത നിയമനത്തിനായി നീക്കിവെച്ചിട്ടുള്ള ഒഴിവുകൾ ഇന്നു മുതൽ ഓൺലൈൻ സംവിധാനം മുഖേന മാത്രമേ പൊതുഭരണ (സർവീസസ്-ഡി) വകുപ്പിലേക്ക് റിപ്പോർട്ട് ചെയ്യാൻ പാടുള്ളൂ.
- ഉദ്യോഗസ്ഥർക്കും അപേക്ഷകർക്കും പോർട്ടൽ ഉപയോഗിക്കുന്നതിനെക്കുറിച്ചുള്ള വിശദമായ കൈപ്പുസ്തകവും മാർഗ്ഗനിർദ്ദേശങ്ങളും വെബ് പോർട്ടലിൽ പ്രത്യേകം പ്രസിദ്ധീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

1. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ ഡ്യൂട്ടിക്കും
2. എല്ലാ വകുപ്പ് മേധാവികൾക്കും.

3. സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
4. സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).
5. ഡയറക്ടർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി).
6. സെക്രട്ടേറിയറ്റിലെ എല്ലാ ഭരണ വകുപ്പുകൾക്കും (ഇ-ഓഫീസ് മുഖേന).
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Badusha S
Date: 15-03-2026 16:49:24
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി.എ യ്ക്ക്

പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്